**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ **601** — 24.05.2017 ൽ മറുപടിക്ക്

# *സർക്കാർ സേവനങ്ങൾക്ക് ഏകീകൃത മൊബൈൽ ആപ്ലിക്കേഷൻ*

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. സി.മമ്മൂട്ടി**<br>**,, ടി.എ. അഹമ്മദ് കബീർ**<br>**,, മഞ്ഞളാംകുഴി അലി**<br>**,, കെ.എം.ഷാജി** | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) സർക്കാർ സേവനങ്ങൾക്ക് ഏകീകൃത മൊബൈൽ ആപ്ലിക്കേഷൻ സംവിധാനം ഏർപ്പെടുത്താനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ; | (എ) വിവിധ വകുപ്പുകളുടെ സേവനങ്ങൾ പൊതു ജനങ്ങളിൽ എത്തിക്കുന്നതിനുള്ള കേരള സർക്കാരിന്റെ ഏകീകൃത മൊബൈൽ ആപ്ലിക്കേഷനാണ് എം-കേരളം. എം- കേരളം മൊബൈൽ ആപ്പ് വഴി പതിമൂന്നോളം വകുപ്പുകളുടെ അൻപതോളം സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നു വരുന്നു. വിവിധ സേവനങ്ങളുടെ പെയ്മെന്റ് ഇന്റഗ്രേഷൻ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ പൂർത്തിയായി കൊണ്ടിരിക്കുന്നു. ഇ-ഡിസ്ട്രിക്ട് മുഖേന നൽകിവരുന്ന വിവിധ സേവനങ്ങൾ കൂടി എം-കേരളം മൊബൈൽ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ഈ സംവിധാനം ജൂൺ മാസത്തോടെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്. |

| | | | |
|---|---|---|---|
| (ബി) | എല്ലാ വകുപ്പുകളിലും ഇലക്ട്രോണിക് സേവന സൗകര്യം ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതിയുടെ പൂർണ്ണമായ ഫലസാദ്ധ്യത ഉറപ്പാക്കാൻ ഇനിയും എന്തെല്ലാം നടപടികളാണ് ശേഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (ബി) | പൊതുജനങ്ങൾക്ക് ആവശ്യമായ ഇലക്ട്രോണിക് സേവന സൗകര്യങ്ങൾ എല്ലാ വകുപ്പുകളിലും നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. പ്രമുഖ പൗര കേന്ദ്രീകൃത വകുപ്പുകളായ റവന്യൂ, മോട്ടോർ വാഹനം, സാമൂഹ്യനീതി, സഹകരണം, വാണിജ്യനികുതി, രജിസ്ട്രേഷൻ, മൃഗസംരക്ഷണം, പട്ടികജാതി-പട്ടികവർഗ വികസനം എന്നീ വകുപ്പുകളിൽ വിവിധ ഓൺലൈൻ സേവനങ്ങൾ ഫലവത്തായി നൽകി വരുന്നുണ്ട്. ഇതിനു പുറമെ മറ്റു വകുപ്പുകളിലും വിവിധ തലങ്ങളിൽ ഓൺലൈൻ സേവനങ്ങൾ നൽകി വരുന്നുണ്ട്.<br><br>സർക്കാർ സേവനങ്ങൾ പൊതുജനങ്ങൾക്ക് ഒരു ഏകജാലക പോർട്ടൽ വഴി ലഭ്യമാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഈ സംവിധാനവും ജൂൺ മാസത്തോടുകൂടി പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേരള ഫൈബർ ഒപ്റ്റിക് നെറ്റ് വർക്ക് (കെ-ഫോൺ) സംവിധാനം നടപ്പിൽ വരുമ്പോൾ കേരളത്തിലുടനീളമുള്ള സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്റർനെറ്റ് സൗകര്യം ഉൾപ്പെടെയുള്ള കണക്ടിവിറ്റി ലഭ്യമാക്കുന്നതോടെ ഇത് കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | സേവനങ്ങൾ മുഴുവൻ ഓൺലൈനാക്കുമ്പോഴും പഴയ സംവിധാനം ആഗ്രഹിക്കുന്നവർക്ക് അതു ലഭ്യമാക്കാൻ വേണ്ട സൗകര്യങ്ങൾ നിലനിർത്തുമോയെന്ന് വ്യക്തമാക്കുമോ ? | (സി) | ഓൺലൈൻ സേവനങ്ങൾ പരമാവധി പ്രോത്സാഹിപ്പിച്ചുകൊണ്ട് സർക്കാർ സേവനങ്ങൾ പൊതുജനങ്ങൾക്ക് സമയബന്ധിതവും കാര്യക്ഷമവും സുതാര്യവുമായി ലഭ്യമാക്കുക എന്നതാണ് സർക്കാർ നയം.<br>ഓൺലൈൻ സേവനങ്ങൾ നേരിട്ട് ഉപയോഗപ്പെടുത്തുവാൻ ബുദ്ധിമുട്ടുള്ളവർക്ക് അക്ഷയ കേന്ദ്രങ്ങൾ വഴി അവ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ